# Deepika

## 23 August 2018

## Kochi:Flood relief fund, Flood restructure



### 25 കോടി രൂപ സമാഹരിച്ചു നൽകാൻ ജി ടെക്

**കൊച്ചി:** പ്രളയത്തിൽ അകപ്പെട്ടവർക്കുള്ള സംസ്ഥാന സർക്കാരിന്റെ പുനരധിവാസ പദ്ധതിയിലേക്ക് ഒരു വർഷത്തിനുള്ളിൽ 25 കോടി രൂപ സമാഹരിച്ചു നൽകുക എന്ന ലക്ഷ്യത്തോടെ ഐടി കമ്പനികളുടെ കൂട്ടായ്മയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജി ടെക് ) രംഗത്ത്. ഐ ടി കമ്പനികളും അവയിലെ ജീവനക്കാരും ഉൾപ്പെടുന്ന ഈ സംരംഭത്തിൽ അവയുടെ അസോസിയേറ്റ് കമ്പനികളും കസ്റ്റമേഴ്സും സഹകരിക്കുമെന്നു ജി ടെക് ചെയർമാൻ അലക്സാണ്ടർ വർഗീസ് അറിയിച്ചു.

### ജില്ലയിൽ കെഎസ്ആർടിസി സർവീസുകൾ പുനഃസ്ഥാപിച്ചു

**കൊച്ചി:** പ്രളയക്കെടുതിയിൽ റോഡുകൾ മുങ്ങിയതോടെ നിർത്തിവച്ചിരുന്ന കെഎസ്ആർടിസി സർവീസുകൾ പുനഃസ്ഥാപിച്ചു. പ്രളയം വലിയ രീതിയിൽ ബാധിച്ച ആലുവ, പറവൂർ, അങ്കമാലി മേഖലകളിലാണ് സർവീസുകൾ പൂർണമായും നിർത്തിയിരുന്നത്. ഇവിടങ്ങളിൽ സ്വകാര്യബസുകൾക്ക് മുമ്പു തന്നെ സർവീസ് പുനഃസ്ഥാപിക്കാൻ കെഎസ്ആർടിസിക്ക് കഴിഞ്ഞു. ഇന്നലെ 36 സർവീസുകളാണ് പറവൂർ ഡിപ്പോയിൽനിന്ന് നടത്തിയത്. നിലവിൽ 67 സർവീസുകളാണ് ഡിപ്പോയിലുള്ളത്. ഇന്നു മുതൽ പരമാവധി സർവീസുകൾ പുനരാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

എറണാകുളം ജില്ലയിൽ അൻപതോളം ബസുകളാണ് സ്പെഷൽ സർവീസുകൾ നടത്തിയത്. റോഡുകളിൽ വെള്ളം കയറിയെങ്കിലും ഗതാഗതയോഗ്യമായ എല്ലാ സ്ഥലങ്ങളിലും കെഎസ്ആർടിസി സർവീസ് നടത്തി. മഴക്കെടുതിയിൽ ജനങ്ങളെ മാറ്റി താമസിപ്പിക്കുന്നതിനായി ദിവസവും പത്ത് ബസുകളാണ് പറവൂർ ഡിപ്പോയിൽ നിന്നു വിട്ടു നൽകിയത്. കാക്കനാട്, ഭാരത് മാതാ കോളജ്, കൊച്ചിൻ യൂണിവേഴ്സിറ്റി എന്നീ ക്യാമ്പുകളിലേക്കാണ് സർവീസ് നടത്തിയത്. വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് പറവൂർ ഡിപ്പോയിലെ ജീവനക്കാർ അവധിയിലായതോടെ എറണാകുളം ഡിപ്പോയിലെ ജീവനക്കാർ എത്തിയാണ് ക്യാമ്പുകളിലേക്കുള്ള സർവീസുകൾ നടത്തിയത്.